# കേരള സർവകലാശാല

നം.പി.ആർ.87/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

## വാക്ക് - ഇൻ - ഇന്റർവ്യൂ നാളെ

കേരള സർവകലാശാലയുടെ കുന്നം ടീച്ചർ എഡ്യുക്കേഷൻ സെന്ററിൽ പ്രിൻസിപ്പൽ നിയമനത്തിനായുള്ള വാക്ക് - ഇൻ - ഇന്റർവ്യൂ ഏപ്രിൽ 24 - ന് രാവിലെ 9.30 ന് കേരള സർവകലാശാല ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ എൻ.സി.റ്റി.ഇ. നിർദ്ദേശിക്കുന്ന യോഗ്യതകളുടെ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകേതാണ്.

## വാക്ക് - ഇൻ - ഇന്റർവ്യൂ നാളെ

കേരള സർവകലാശാലയുടെ തിരുവനന്തപുരം ടീച്ചർ എഡ്യുക്കേഷൻ സെന്ററിലേക്ക് ഓണററി ലക്ചറർ (സംസ്കൃതം) നിയമനത്തിനായുള്ള വാക്ക് - ഇൻ - ഇന്റർവ്യൂ ഏപ്രിൽ 24 ന് രാവിലെ 9.30 ന് കേരള സർവകലാശാല ഓഫീസിൽ നടക്കും.താല്പര്യമുള്ളവർ എൻ.സി.റ്റി.ഇ. നിർദ്ദേശിക്കുന്ന യോഗ്യതകളുടെ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകേതാണ്.

## സ്ട്രാറ്റജിക്ക് പ്ലാനിംഗ് ശില്പശാല

കേരള സർവകലാശാല 'സ്ട്രാറ്റജിക്ക് പ്ലാനിംഗ്' എന്ന ശില്പശാല 2008 ഏപ്രിൽ 29 നും 30നും നടത്തും. ഏപ്രിൽ 29 ന് രാവിലെ 9.30ന് കാര്യവട്ടം കാമ്പസിലെ അക്കാദമിക് സ്റ്റാഫ് കോളേജിൽ നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി ശ്രീ.എം.എ ബേബി ശില്പശാല ഉദ്ഘാടനം ചെയ്യും. കേരള സർവകലാശാല വൈസ് ചാൻസലർ ഡോ.എം.കെ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായിരിക്കുന്ന ചടങ്ങിൽ യു.ജി.സി.വൈസ് ചെയർമാൻ ഡോ.മൂൽചന്ദ് ശർമ്മ മുഖ്യപ്രഭാഷണം നടത്തും. ശില്പശാലയിൽ വിദഗ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണ്.

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല 2007 നവംബറിൽ നടത്തിയ രാം വർഷ ബി.എസ്സി നഴ്സിംഗ് (റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 20 വരെ അപേക്ഷിക്കാം.

## ലൈബ്രറി ആധുനികവൽക്കരണം

കേരള സർവകലാശാല ലൈബ്രറി ആധുനികവൽക്കരണം പദ്ധതിയുടെ ഉത്ഘാടനം ഇന്ന് (ഏപ്രിൽ 23) വൈകുന്നേരം നാല് മണിക്ക് ധനകാര്യവകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് നിർവ്വഹിക്കും. വൈസ് ചാൻസലർ ഡോ.എം.കെ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷത വഹിക്കും.

കേരള സ്റ്റഡീസ് സെക്ഷനിലെ അമൂല്യ രേഖകൾ ഡിജിറ്റലൈസ് ചെയ്യുക, സൗരോർജ്ജ പദ്ധതിയുടെ തുടക്കം കുറിക്കൽ, ഐ.റ്റി വികസനം, എയർ കണ്ടീഷനിംഗ്, പഴകിയ റഫറൻസ് ഗ്രന്ഥങ്ങൾ മാറ്റി പുതിയവ വാങ്ങുക തുടങ്ങിയ കാര്യങ്ങളാണ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## തിരുവനന്തപുരത്ത് ഇന്ന്

കേരള സർവകലാശാല ലൈബ്രറിയുടെ ആധുനികവൽക്കരണം — ഉത്ഘാടനം -- ധനകാര്യവകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് -- അദ്ധ്യക്ഷൻ വൈസ് ചാൻസലർ ഡോ.എം.കെ.രാമചന്ദ്രൻ നായർ — സർവകലാശാല ലൈബ്രറി ഹാൾ — വൈകുന്നേരം നാലിന്

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം**
22.04.2008

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**എസ്.ഡി.പ്രിൻസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

---

**e-mail:** keralauniversity@vsnl.com **website:** www.keralauniversity.edu